**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3731** **02-03-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീര കൃഷി ആദായകരമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീര കൃഷി ആദായകരമാക്കാൻ യന്ത്രവൽക്കരണം നടത്തുന്നതിനും പുൽ കൃഷി വ്യാപകമാക്കുന്നതിനും കാലിത്തീറ്റ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും ക്ഷീര വികസന വകുപ്പിൽ പദ്ധതിയുണ്ടോ; | (എ) | ഉണ്ട് . |
| (ബി) | സംസ്ഥാനത്ത് തീറ്റപ്പുല്ലിന്റെ ലഭ്യത ആവശ്യകതയുടെ മൂന്നിലൊന്ന് മാത്രമായതിനാൽ കുടുംബശ്രീ ഉൾപ്പെടെയുള്ള സംഘങ്ങളെ തീറ്റപ്പുൽ കൃഷിയിലേക്ക് ആകർഷിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; | (ബി) | കുടുംബശ്രീ ഉൾപ്പെടെയുള്ള സംഘങ്ങളെ തീറ്റപ്പുൽ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി ഗ്രൂപ്പുകൾക്ക് (സംഘം/എസ്.എച്ച്.ജി/മറ്റ് രജിസ്റ്റേർഡ് ഗ്രൂപ്പുകൾ) യൂണിറ്റുകൾ മുഖേനയുള്ള തീറ്റപ്പുൽക്കൃഷിയും വിപണനവും, ക്ഷീരസഹകരണസംഘങ്ങളുമായി ബന്ധപ്പെട്ട് ക്ഷീരോല്പാദകരുടെ കൂട്ടായ്മയായ വിവിധ ഗ്രൂപ്പുകൾ രൂപീകരിച്ച് പൊതു-സ്വകാര്യ-വ്യക്തിഗത മേഖലയിലുള്ള തരിശുഭൂമികളിലും, ഉപയോഗശൂന്യമായ സ്ഥലങ്ങളിലും, വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാൻ ക്ഷീരവികസന വകുപ്പ് ലക്ഷ്യമിടുന്നു. |
| (സി) | വിളവെടുപ്പിന് ശേഷമുള്ള പുൽത്തണ്ടുകൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും സൈലെജ് ആക്കി കൊണ്ടുവരുന്നതിന്റെ പ്രായോഗികത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | മിൽമയുടെ മേഖലാ യൂണിയനുകൾ ഇ-ടെൻഡർ മുഖാന്തിരം അന്യ സംസ്ഥാനങ്ങളിൽ നിന്നും സൈലേജ് വാങ്ങി സബ്സിഡി നിരക്കിൽ കർഷകർക്ക് സംഘങ്ങൾ വഴി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ആന്ധ്ര പ്രദേശ് , തെലുങ്കാന, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ നിന്നും സൈലേജ് കൊണ്ടുവരുന്നതിന്റെ പ്രാഥമിക പഠനങ്ങൾ കേരളാ ഫീഡ്സ് നടത്തി വരുന്നു. |
| (ഡി) | ക്ഷീരസംഘങ്ങൾ മുഖേന വൈക്കോൽ ലഭ്യമാക്കുന്നതിന്റെ പ്രായോഗികത പരിശോധിക്കാമോ; വിശദമാക്കുമോ? | (ഡി) | നിലവിൽ ക്ഷീരസംഘങ്ങൾ മുഖേന വൈക്കോൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന |

| | | | |
|---|---|---|---|
| | | | ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്.<br><br>മിൽമയുടെ മേഖലാ യൂണിയനുകൾ ഇ-ടെൻഡർ മുഖാന്തിരം അന്യ സംസ്ഥാനങ്ങളിൽ നിന്നും വൈക്കോൽ വാങ്ങി സബ്സിഡി നിരക്കിൽ കർഷകർക്ക് സംഘങ്ങൾ വഴി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ